## (62.) ഊട്ടുപാറ സെന്റ് മേരീസ് മലങ്കര കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

മലയോരഗ്രാമമായ ഊട്ടുപാറയുടെ മണ്ണിൽ പ്രകാശഗോപുരമായി പരിലസിച്ചുനിൽക്കുന്ന ഊട്ടുപാറ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയം സ്ഥാപിതമായത് 1956-ലാണ്. ഈ വർഷം ദേവാലയത്തിന് വാങ്ങിയ സ്ഥലത്ത് താത്കാലികമായി നിർമ്മിച്ച ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ച് വിശുദ്ധ യൗസേപ്പ് പിതാവിന്റെ നാമത്തിൽ പ്രതിഷ്ഠിച്ചു. തുടർന്നു നടന്ന പൊതുയോഗത്തിൽവെച്ച് പാറയ്ക്കൽ പുത്തൻവീട്ടിൽ ജോസഫ് വർഗീസ് (കൈക്കാരൻ), പാറയ്ക്കൽ പുത്തൻവീട്ടിൽ പി.ഓ.തങ്കച്ചൻ (സെക്രട്ടറി), സാമുവേൽ താന്നിശ്ശേരിൽ യോഹന്നാൻ ഉണ്ണൂണി പാറയ്ക്കൽ പുത്തൻവീട്ടിൽ, മത്തായി കൊടുമണ്ണേത്ത്, സാമവേൽ ഈട്ടിവിളയിൽ, സാമുവേൽ പടപ്പയ്ക്കൽ മുരുപ്പേൽ, പാപ്പി നിരവുംപുറത്ത്, പാപ്പച്ചൻ തുങ്കുഴിയിൽ എന്നിവരടങ്ങുന്ന കമ്മറ്റി രൂപീകരിച്ചു. 1962-ൽ ഈ ചാപ്പലിൽ വിശുദ്ധ കുർബാന തുടരുവാൻ നിർവ്വാഹമില്ലാതായി. വികാരി കുര്യൻ ഇലഞ്ഞിമറ്റം അച്ചന്റെ നേതൃത്വത്തിൽ സഡേസ്കൂൾ കെട്ടിടം ആരാധനയ്ക്കായി പണിയുകയും, 1964 ആഗസ്റ്റ് 3-ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് കൂദാശ ചെയ്യുകയും ചെയ്തു. ഈ ചാപ്പലിന്റെ പണി പൂർത്തിയാകുന്നതുവരെ പാറയ്ക്കൽ പുത്തൻവീട്ടിൽ പരേതനായ ജോസഫ് വർഗീസിന്റെ വീടിനോടു ചേർന്ന് പണിതിട്ടുള്ള കെട്ടിടത്തിലായിരുന്നു കുർബാന അർപ്പിച്ചത്. ഈ കാലയളവിൽ ഫാ. സിറിയക് മണവാളൻ, ഫാ. ജേക്കബ് ജോൺ, ഫാ. വർഗീസ് വടശ്ശേരി, ഫാ. തോമസ് ചിറയത്ത് എന്നിവർ വികാരിമാരായി സേവനമനുഷ്ഠിച്ചു. ഫാ. ജോർജ്ജ് കുറ്റിയിൽ അച്ചനുശേഷം വികാരിയായിവന്ന തോമസ് പ്ലാവിളയിലച്ചന്റെ കാലയളവിൽ 1976 ജനുവരി 13ന് പുതിയ ദേവാലയിന്റെ പണിതുടങ്ങി. ഈ ദേവാലയം 1978 ഫെബ്രുവരി 19-ന് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് കൂദാശ ചെയ്ത് ദൈവമാതാവിന്റെ നാമത്തിൽ പ്രതിഷ്ഠിച്ചു. 8 നോമ്പ് ആചരണം നടത്തുവാൻ ഫാ. തോമസ് പ്ലാവിളയിൽ അധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ തീരുമാനിച്ചു. 1979-ൽ ഊട്ടുപാറ ജംഗ്ഷനിൽ മരക്കുരിശ് സ്ഥാപിച്ച് കൂദാശ നടത്തി. 1996-ൽ അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനി ഊട്ടുപാറയിലേയും പുളിഞ്ചാണിയിലേയും കുരിശടി കൂദാശ ചെയ്തു. കോഴഞ്ചേരി മുരുപ്പ് ഭാഗ് ഗീവർഗീസ് സഹദായുടെ നാമത്തിലും ഊട്ടുപാറ ജംഗ്ഷനിൽ കൽക്കുരിശും വികാരി ജയിംസ് ഇലഞ്ഞിക്കൽ അച്ചൻ കൂദശ ചെയ്തു.

2005 മെയ് 7-ാം തീയതി വികാരി വർഗീസ് ചീനിവിള അച്ചന്റെ സാന്നിധ്യത്തിൽ പള്ളിമേട വാങ്ങുകയും അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ കരങ്ങളാൽ കൂദാശാകർമ്മം നടത്തുകയും ചെയ്തു. 2009-ൽ വികാരി ആന്റണി വയലികരോട്ട് അച്ചൻ പള്ളിയുടേയും പള്ളിമേടയുടേയും മധ്യത്തിലായി സ്ഥിതിചെയ്യുന്ന 35 സെന്റ് സ്ഥലം പള്ളിയ്ക്കായി വാങ്ങുകയും ചെയ്തു.

ഇപ്പോഴുള്ള ദേവാലയം പഴക്കം ചെന്നതിനാലും സ്ഥലസൗകര്യം കുറവായിരുന്നതിനാലും പുതിയ ഒരു ദേവാലയം നിർമ്മിക്കാനുള്ള ആഗ്രഹം പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമനസ്സിനെ അറിയിക്കുകയും അനുവാദം തരുകയും ചെയ്തു. അങ്ങനെ 2017 സെപ്തംർ 8-ന് പെരുനാൾ സമാപന ദിവസത്തിൽ അഭിവന്ദ്യ ക്രിസോസ്റ്റം തിരുമേനി തറക്കല്ലിട്ട് പണി ആരംഭിച്ചു. വികാരി പ്രിൻസ് കോയിക്കലച്ചന്റെയും, സെക്രട്ടറി ശ്രീ. ജിജോ കുഞ്ഞുമോന്റെയും നേതൃത്വത്തിലും ഇടവക മക്കളുടെ സഹകരണത്തോടെയും ദേവാലയനിർമ്മാണം നടന്നുവരുന്നു. താത്കാലികമായി വിശുദ്ധ കുർബാന പാഴ്സണേജിന്റെ മുകളിലത്തെ കെട്ടിടിലാണ് അർപ്പിക്കുന്നത്. ഏകദേശം 125 കുടുംബങ്ങൾ ദേവാലയിലുണ്ട്.

### ദൈവവിളി

ഈ ഇടവകയിൽ നിന്ന് ദൈവവിളി സ്വീകരിച്ച് സിസ്റ്റർ സ്റ്റെല്ലാ ബഥനി സന്യാസിനി സമൂഹത്തിൽ സേവനം അനുഷ്ഠിക്കുന്നു. വൈദികശുശ്രൂഷയ്ക്കായി പുതുപറമ്പിൽ ശ്രീ.മോൻസിയുടെയും ശ്രീമതി മോളി എബ്രഹാമിന്റെയും മകൻ ബ്രദർ എബിൻ സലേഷ്യൻ സഭാ സമൂഹത്തിൽ പരിശീലിക്കുന്നു. അടവിക്കുഴിപുത്തൻവീട് ശ്രീ. സജി ഡാനിയേലിന്റെയും ശ്രീമതി രജനി സജിയുടേയും മകൻ ബ്രദർ സോജു പത്തനംതിട്ട രൂപതയിൽ

വൈദിക പരിശീലനത്തിലായിരിക്കുന്നു.

ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളും പ്രിൻസ് കോയിക്കൽ അച്ചൻ വളരെ കാര്യക്ഷമമായി നടത്തുന്നു. സണ്ടേസ്കൂൾ, എം.സി.വൈ.എം., മാതൃസമാജം, പ്രാർത്ഥനായോഗങ്ങൾ ഇവ നല്ല രീതിയിൽ മുമ്പോട്ടു പോകുന്നു. ഇടവകയോട് ചേർന്ന് ബഥനി മഠവും നേഴ്സറിയും ഉണ്ട്. ദൈവമാതാവിന്റെ നാമത്തിലുള്ള ഈ ദേവാലയം ഇടവക മക്കൾക്കും നാനാജാതി മതസ്തർക്കും ഒരു അഭയമായി നിലകൊള്ളട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**<u>ഊട്ടുപാറ ഇടവകയിൽ സേവനം ചെയ്ത വൈദികർ</u>**

| | | |
|---|---|---|
| 1. റവ.ഫാ. ജോസഫ് വടക്കേക്കുറ്റ് | - | 1956 |
| 2. റവ.ഫാ. സിറിയക് മണവാളൻ | - | 1956 - 1959 |
| 3. റവ.ഫാ. ജേക്കബ് ജോൺ | - | 1959 - 1961 |
| 4. റവ.ഫാ. തോമസ് ചിറയത്ത് | - | 1961 - 1962 |
| 5. റവ.ഫാ. കുര്യൻ ഇലഞ്ഞിമറ്റം | - | 1962 - 1963 |
| 6. റവ.ഫാ. വർഗീസ് വടശ്ശേരി | - | 1963 - 1964 |
| 7. റവ.ഫാ. മാത്യു ഇലഞ്ഞിക്കൽ | - | 1964 - 1969 |
| 8. റവ.ഫാ. ജോർജ്ജ് കുറ്റിയിൽ | - | 1970 - 1971 |
| 9. റവ.ഫാ. തോമസ് പ്ലാവിളയിൽ | - | 1970 - 1979 |
| 10. റവ.ഫാ. കോശി ചക്കാലമണ്ണിൽ | - | 1980 - 1982 |
| 11. റവ.ഫാ. വർഗീസ് ചീനിവിള | - | 1982 - 1984 |
| 12. റവ.ഫാ. മാത്യു കാലായിൽ | - | 1984 - 1986 |
| 13. റവ.ഫാ. ഏബ്രഹാം തെക്കേടത്ത് | - | 1987 - 1990 |
| 14. റവ.ഫാ. ജെയിംസ് പാറവിള | - | 1990 - 1991 |
| 15. റവ.ഫാ. ജോസഫ് കടകംപള്ളിൽ | - | 1991 - 1993 |
| 16. റവ.ഫാ. ജോൺ കുറിയിടത്തേരിൽ | - | 1994 - 2000 |
| 17. റവ.ഫാ. തോമസ് കോയിക്കൽ | - | 2000 - 2001 |
| 18. റവ.ഫാ. സാമുവേൽ ഇടമണ്ണിൽ | - | 2001 - 2002 |
| 19. റവ.ഫാ. വർഗീസ് മാവേലിൽ | - | 2003 - 2004 |
| 20. റവ.ഫാ. സ്ലീബാദാസ് ചരിവുപുരയിടത്തിൽ | - | 2003 - 2004 |
| 21. റവ.ഫാ. വർഗീസ് ചീനിവിള | - | 2004 - 2005 |
| 22. റവ.ഫാ. ഡാനിയേൽ വടക്കേക്കര | - | 2005 - 2007 |
| 23. റവ.ഫാ. ആന്റണി വയലിക്കരോട്ട് | - | 2008 - 2010 |

24. റവ.ഫാ. ജെയിംസ് ഇലഞ്ഞിക്കൽ - 2010 - 2016

25. റവ.ഫാ. പ്രിൻസ് കോയിക്കൽ - 2016 -